(ഡി) 1997-98-ലെ വില്പന വില അനുസരിച്ച് 56.97 ലക്ഷം രൂപ വില വരും. നിലവിലുള്ള വൈദ്യുതി നിരക്കനുസരിച്ച് 86.94 ലക്ഷം രൂപ വില വരും.

124 (2502) കേരളത്തിനു പുറത്തുള്ള വൈദ്യുത പദ്ധതികളിൽ നിന്ന് ലഭിച്ച വൈദ്യുതി

ശ്രീ. സി.എഫ്. തോമസ് :

ശ്രീ. മാമ്മൻ മത്തായി :

ശ്രീ. കെ.എം മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് പുറത്തുള്ള കേന്ദ്ര സർക്കാർ പദ്ധതികളിൽനിന്ന് കേരളത്തിന് സ്ഥിരമായും പ്രത്യേകമായും അനുവദിച്ച വൈദ്യുതി എത്ര മെഗാവാട്ട് വീതമാണെന്ന് വ്യക്തമാക്കുമോ;

(ബി) 1998-99 സാമ്പത്തിക വർഷത്തിൽ എത്ര യൂണിറ്റ് വൈദ്യുതിയാണ് കേരളത്തിന് പുറത്തു നിന്നും വൈദ്യുതി ബോർഡ് ഇറക്കുമതി നടത്തിയതെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം ഇറക്കുമതി ചെയ്ത വൈദ്യുതിക്ക് 1998-99-ൽ എത്ര രൂപയാണ് ബോർഡ് നൽകിയത്; എന്തു നിരക്കിലാണ് വില നൽകിയതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര പൂളിലുള്ള ജനറേറ്റിംഗ് സ്റ്റേഷനുകളിലെ മെഷീനുകളെല്ലാം പൂർണ്ണശേഷിയിൽ പ്രവർത്തിപ്പിച്ചാൽ കേരളത്തിന് പ്രതിദിനം 416 മെഗാവാട്ട് വൈദ്യുതി കിട്ടാൻ അർഹതയുണ്ട്. ഇത് കൂടാതെ അൺ അലോക്കേറ്റഡ് ഷെയർ ആയി 5 ശതമാനവും (ഏകദേശം 22 മെഗാവാട്ട്) സ്പെസിഫിക് അലോക്കേഷൻ ഒരു മാസത്തേയ്ക്ക് 3 മില്യൺ യൂണിറ്റും ആണ്.

(ബി) 1998-99 സാമ്പത്തിക വർഷത്തിൽ 3356.511 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഇറക്കുമതി ചെയ്തിട്ടുണ്ട്.

(സി) കേരളത്തിന് പുറത്തുനിന്ന് ഇറക്കുമതി ചെയ്ത വൈദ്യുതിക്ക് 1998-99 വർഷത്തിൽ 546 കോടി 33 ലക്ഷം രൂപ വില കൊടുത്തു. വൈദ്യുതി വിലയുടെ നിരക്ക് ചുവടെ ചേർക്കുന്നു.

രാമഗുണ്ടം	103 പൈസ (യൂണിറ്റിന്)
നെയ്വേലി	
ഒന്നാംഘട്ടം	103.62 പൈസ (,,)
രണ്ടാംഘട്ടം	154.21 പൈസ (യൂണിറ്റിന്)
കൽപ്പാക്കം	174.99 പൈസ (,,)
പശ്ചിമമേഖല	150.44 പൈസ (,,)

ഇതിനു പുറമേ യൂണിറ്റിന് 13 പൈസ നിരക്കിൽ പ്രസരണ ചെലവും ഉണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly